**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോർപ്പറേഷനുകളിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ കെട്ടിട പെർമിറ്റ് അപേക്ഷകൾ ഉന്നത ഉദ്യോഗസ്ഥർക്ക് കൈമാറാതെ കൈവശംവെച്ച് അപേക്ഷകരോട് കൈക്കൂലി ആവശ്യപ്പെട്ടതായി വിജിലൻസ് റെയ്ഡിൽ കണ്ടെത്തിയിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ടെത്തിയതായി വിജിലൻസ് അറിയിച്ചിട്ടില്ല. |
| (ബി) | സോണൽ ഓഫീസുകളിലെ പരാതികൾ രജിസ്റ്ററിൽ പോലും ഉൾപ്പെടുത്താതെ കൂട്ടിയിട്ടിരിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | റവന്യൂ അദാലത്തുകളിൽ അപേക്ഷകന് നോട്ടീസ് നൽകാതെ അപേക്ഷകൻ ഹാജരായില്ലെന്ന് റിപ്പോർട്ട് എഴുതി പരാതികൾ തീർപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ